REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

**തിയ്യതി:** 17-10-2024 **സമയം** 06.45 AM

## പ്രധാന വാർത്തകൾ

- രാഷ്ട്രപതി ദ്രൗപതി മുർമു ഇന്ന് മുതൽ മൂന്നു ദിവസം മലാവി സന്ദർശിക്കും.
- ഹരിയാനയിൽ മുതിർന്ന BJP നേതാവ് നയാബ് സിംഗ് മുഖ്യമന്ത്രിയായി രാവിലെ സത്യപ്രതിജ്ഞ ചെയ്യും.
- മുഖ്യമന്ത്രി പിണറായി വിജയൻ കേന്ദ്ര റെയിൽവേ മന്ത്രി അശ്വിനി വൈഷ്ണവുമായി കേരളത്തിലെ റെയിൽവെ വികസന കാര്യങ്ങൾ ചർച്ച ചെയ്തു.
- ബംഗാൾ ഉൾക്കടലിൽ രൂപപ്പെട്ട തീവ്ര ന്യൂനമർദ്ദം രാവിലെ പുതുച്ചേരിക്കും, നെല്ലൂരിനുമിടയിൽ കരയിൽ പ്രവേശിച്ചേക്കുമെന്ന് കേന്ദ്ര കാലാവസ്ഥാവകുപ്പ്. വടക്കൻ കേരളത്തിൽ ഇന്ന് കനത്ത മഴയ്ക്ക് സാധ്യത.
- ഇന്ന് ലോക ട്രോമ ദിനം. സമഗ്ര ട്രോമകെയർ സംവിധാനം എല്ലാ ജില്ലകളിലും നടപ്പാക്കുമെന്നും മന്ത്രി വീണാ ജോർജ്.
- സംസ്ഥാന സ്കൂൾ കായികമേള അടുത്ത മാസം നാല് മുതൽ 11 വരെ കൊച്ചിയിലെ തിരഞ്ഞെടുത്ത 17 സ്റ്റേഡിയങ്ങളിൽ രാവും പകലുമായി സംഘടിപ്പിക്കും.

## വാർത്തകൾ വിശദമായി

ത്രിരാഷ്ട്ര സന്ദർശനത്തിന്റെ അവസാനപാദത്തിൽ രാഷ്ട്രപതി ദ്രൗപതി മുർമു ഇന്ന് മുതൽ മൂന്നു ദിവസം മലാവി സന്ദർശിക്കും. മലാവി നേതൃത്വവുമായി ഉഭയകക്ഷി ചർച്ച നടത്തുന്ന രാഷ്ട്രപതി ഇന്ത്യൻ പ്രവാസികളെയും കാണും.

ഇന്നലെ മൗറിറ്റാനിയയിൽ ഒരു ദിവസത്തെ സന്ദർശനത്തിനെത്തിയ ദ്രൗപതി മുർമു  ഇസ്ലാമിക് റിപ്പബ്ലിക് ഓഫ് മൗറിറ്റാനിയയുടെ പ്രസിഡൻറ് മുഹമ്മദ് ഔൽഡ് ഗസോവാനിയുമായി  കൂടിക്കാഴ്ച്ച നടത്തി. പ്രതിനിധി തല ചർച്ചകളിലും  രാഷ്ട്രപതി പങ്കെടുത്തു. ഇന്ത്യോ - മൗറിറ്റാനിയൻ ബന്ധം ശക്തിപ്പെടുത്തുന്ന നാല് ധാരണാപത്രങ്ങളിൽ ഇരുരാജ്യങ്ങളും ഒപ്പുവച്ചു.

സന്ദർശനത്തെ കുറിച്ച് രാഷ്ട്രപതിയുടെ മാധ്യമസംഘത്തിൽ നിന്ന് A M മയൂഷ.

......വോയ്സ്....

✪✪✪

NDA മുഖ്യമന്ത്രിമാരുടെയും,  ഉപമുഖ്യമന്ത്രിമാരുടെയും  കോൺക്ലേവ് ഇന്ന് ഛണ്ഡീഗഡിൽ നടക്കും. അരദിവസത്തെ  കോൺക്ലേവിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി  അധ്യക്ഷത വഹിക്കും. BJP അധ്യക്ഷൻ ജെപി നദ്ദ,  രാജ്യരക്ഷാ മന്ത്രി രാജ്നാഥ് സിംഗ്, ആഭ്യന്തരമന്ത്രി അമിത് ഷാ എന്നിവരും  പങ്കെടുക്കും.

ദേശീയ വികസന വിഷയങ്ങളാണ് യോഗത്തിന്റെ  അജണ്ട. സംവിധാൻ കാ അമൃത് മഹോത്സവം ആചരിക്കുന്നതിനെക്കുറിച്ചും കോൺക്ലേവ്  ചർച്ച ചെയ്യും.

✪✪✪

ഹരിയാനയിൽ മുതിർന്ന BJP നേതാവ് നയാബ് സിംഗ് മുഖ്യമന്ത്രിയായി രാവിലെ  സത്യപ്രതിജ്ഞ ചെയ്യും. പഞ്ച്കുളയിലെ ഷാലിമാർ ഗ്രൗണ്ടിൽ നടക്കുന്ന ചടങ്ങിൽ  ഗവർണർ ബന്ദാരു ദത്താത്രേയ സത്യ വാചകം ചൊല്ലിക്കൊടുക്കും.  പ്രധാനമന്ത്രി നരേന്ദ്ര മോദിയും മുതിർന്ന NDA നേതാക്കളും ചടങ്ങിൽ പങ്കെടുക്കും.

നയാബ് സിംഗ് തുടർച്ചയായ രണ്ടാം തവണയാണ് ഹരിയാന മുഖ്യമന്ത്രിയാകുന്നത്.

✪✪✪

CSIR - NIIST  സുവർണ ജൂബിലി ആഘോഷത്തോടനുബന്ധിച്ച് ആയുർവേദ ഗവേഷണത്തിലെ മികവിന്റെ കേന്ദ്രത്തിന് കേന്ദ്ര സഹമന്ത്രി ജിതേന്ദ്ര സിംഗ് ഇന്ന്  തിരുവനന്തപുരത്ത് തറക്കല്ലിടും. ആയുഷ് ഗുണനിലവാര പരിശോധനയ്ക്കും നൂതന ആശയങ്ങൾ

നടപ്പാക്കാനും ലക്ഷ്യമിട്ടാണ് മികവിന്റെ കേന്ദ്രം വിഭാവനം ചെയ്തിരിക്കുന്നത്.

പെർഫോമൻസ് കെമിക്കൽസ് ആന്റ് സസ്റ്റെയ്നബിൾ പോളിമറുകളിലെ മികവിന്റെ കേന്ദ്രത്തിന്റെ ഉദ്ഘാടനവും കേന്ദ്രമന്ത്രി നിർവ്വഹിക്കും.

✪✪✪

മുഖ്യമന്ത്രി പിണറായി വിജയൻ കേന്ദ്ര റെയിൽവേ മന്ത്രി അശ്വിനി വൈഷ്ണവുമായി ന്യൂഡൽഹിയിലെ റെയിൽ ഭവനിൽ കൂടിക്കാഴ്ച നടത്തി.

അങ്കമാലി - എരുമേലി - ശബരി റെയിൽ പാത , സിൽവർലൈൻ പദ്ധതിയുടെ അംഗീകാരം, കേരളത്തിലെ റെയിൽ പാത 3, 4 വരിയാക്കുന്നത്തിനു നടപടി ത്വരിതപ്പെടുത്തുക തുടങ്ങിയ കാര്യങ്ങളാണ് കൂടിക്കാഴ്ചയിൽ പ്രധാനമായും ചർച്ച ചെയ്തത്. ഇക്കാര്യങ്ങൾ ഉദ്യോഗസ്ഥതല ചർച്ച നടത്തി അന്തിമ തീരുമാനം എടുക്കുമെന്ന് കേന്ദ്രമന്ത്രി മുഖ്യമന്ത്രിക്ക് ഉറപ്പുനൽകി. പ്രധാനമന്ത്രി നരേന്ദ്രമോദിയുമായി മുഖ്യമന്ത്രി ഓഗസ്റ്റിൽ നടത്തിയ ചർച്ചയുടെ തുടർച്ചയായാണ് കൂടിക്കാഴ്ച.

സംസ്ഥാനത്ത് റെയിൽവേയുടെ ചുമതല വഹിക്കുന്ന മന്ത്രി V അബ്ദുറഹ്മാനും കൂടിക്കാഴ്ചയിൽ പങ്കെടുത്തു. ചർച്ച വളരെ അനുകൂലമായിരുന്നുവെന്നും റെയിൽ പാത വികസനമായി ബന്ധപ്പെട്ട് കേരളം ആവശ്യപ്പെട്ട മറ്റു കാര്യങ്ങളിൽ അനുകൂല നടപടി സ്വീകരിക്കാമെന്ന് കേന്ദ്രമന്ത്രി അറിയിച്ചതായും അബ്ദുറഹ്മാൻ പറഞ്ഞു.

✪✪✪

വയനാട് ലോക്സഭ മണ്ഡലത്തിൽ അടുത്ത മാസം 13 ന് ഉപതെരെഞ്ഞെടുപ്പ് പ്രഖ്യാപിച്ച സാഹചര്യത്തിൽ മണ്ഡലത്തിലുൾപ്പെടുന്ന കോഴിക്കോട് ജില്ലയിലെ തിരുവമ്പാടി നിയോജകമണ്ഡലത്തിൽ മാതൃക പെരുമാറ്റച്ചട്ടം നിലവിൽ വന്നു. ഇത് സംബന്ധിച്ച ഉത്തരവ് കോഴിക്കോട് ജില്ലാ തെരഞ്ഞെടുപ്പ് ഉദ്യോഗസ്ഥൻ കൂടിയായ ജില്ലാ കലക്ടർ പുറപ്പെടുവിച്ചു. കോഴിക്കോട് ജില്ലയിൽ മറ്റൊരിടത്തും പെരുമാറ്റച്ചട്ടം ബാധകമല്ല.

✪✪✪

അതേസമയം, മലപ്പുറം ജില്ലയിൽ മുഴുവനായും തിരഞ്ഞെടുപ്പ് പെരുമാറ്റച്ചട്ടം നിലവിൽ വന്നതായി ജില്ലാ തിരഞ്ഞെടുപ്പ് ഓഫീസർ കൂടിയായ ജില്ലാ കളക്ടർ വി.ആർ. വിനോദ് അറിയിച്ചു. ജില്ലയിലെ മൂന്ന് നിയോജക മണ്ഡലങ്ങൾ വയനാട് മണ്ഡലത്തിൽ ഉൾപ്പെടുന്നതിനാൽ ജില്ലയ്ക്ക് മൊത്തം ചട്ടം ബാധകമാണെന്നും കളക്ടർ അറിയിച്ചു.

✪✪✪

ബംഗാൾ ഉൾക്കടലിൽ രൂപപ്പെട്ട തീവ്ര ന്യൂനമർദ്ദം രാവിലെ വടക്കൻ ചെന്നൈയ്ക്ക് സമീപം പുതുച്ചേരിക്കും, നെല്ലൂരിനുമിടയിൽ കരയിൽ പ്രവേശിച്ചേക്കുമെന്ന് കേന്ദ്ര കാലാവസ്ഥാവകുപ്പ് അറിയിച്ചു. തുടർന്ന് പടിഞ്ഞാറ്-വടക്കുപടിഞ്ഞാറ് ദിശയിലേക്ക് നീങ്ങി ഉച്ചയോടെ ശക്തി കുറയാൻ സാധ്യതയുണ്ട്.

വടക്കൻ കേരളത്തിൽ ഇന്ന് ശക്തമായ മഴ ലഭിച്ചേക്കും. തൃശ്ശൂർ മുതൽ കാസർകോട് വരെ ഏഴ് ജില്ലകളിൽ കാലാവസ്ഥാ വകുപ്പ് മഞ്ഞ ജാഗ്രതാ നിർദേശം നൽകി.

കേരളാ തീരത്ത് ഇന്ന് വൈകിട്ട് അഞ്ചര വരെ കള്ളക്കടൽ പ്രതിഭാസത്തിനു സാധ്യതയുണ്ടെന്ന് സമുദ്രസ്ഥിതിപഠന ഗവേഷണ കേന്ദ്രവും മുന്നറിയിപ്പ് നൽകി. കടൽക്ഷോഭം രൂക്ഷമാകാനും സാധ്യതയുണ്ട്.

കേരള - കർണാടക - ലക്ഷദ്വീപ് തീരങ്ങളിൽ ഇന്ന് മണിക്കൂറിൽ 55 കിലോമീറ്റർ വരെ വേഗത്തിൽ കാറ്റിന് സാധ്യതയുണ്ടെന്നും മീൻപിടുത്തക്കാർ കടലിൽ പോകരുതെന്നും കാലാവസ്ഥാ വകുപ്പ് മുന്നറിയിപ്പു നൽകി.

✪✪✪

കള്ളക്കടൽ പ്രതിഭാസത്തിന്റെ ഭാഗമായി ആലപ്പുഴയിൽ രൂക്ഷമായ കടൽ ക്ഷോഭം ' തൃക്കുന്നപ്പുഴയിൽ അഞ്ചു വീടുകൾ തകർന്നു അമ്പലപ്പുഴ തെക്ക് അമ്പലപ്പുഴ വടക്ക് പഞ്ചായത്തിലും ഒട്ടേറെ വീടുകൾക്ക് നാശം ഉണ്ടായി .

✪✪✪

ഇന്ന് ലോക ട്രോമ ദിനം. അത്യാവശ്യ ഘട്ടങ്ങളിൽ ജീവൻ രക്ഷിക്കേണ്ടതിന്റെ പ്രാധാന്യം സംബന്ധിച്ച് പൊതുജനങ്ങൾക്ക് അവബോധം നൽകുന്നതിനായാണ് എല്ലാവർഷവും ഒക്ടോബർ 17ന് ലോക ട്രോമ ദിനം ആചരിക്കുന്നത്. തൊഴിലിടങ്ങളിലെ പരിക്കുകൾ, പ്രതിരോധം എന്നതാണ് ഈ വർഷത്തെ ദിനാചരണ പ്രമേയം.

...... ഡെസ്ക് റിപ്പോർട്ട്.....

സമഗ്ര ട്രോമകെയർ സംവിധാനം എല്ലാ ജില്ലകളിലും നടപ്പാക്കുമെന്നും ഇതിന് നടപടി പുരോഗമിക്കുകയാണെന്നും മന്ത്രി വീണാ ജോർജ് അറിയിച്ചു. മെഡിക്കൽ കോളേജുകൾക്ക് പുറമേ ആരോഗ്യ വകുപ്പിന് കീഴിലെ ആശുപത്രികളിൽ കൂടി ട്രോമകെയർ സംവിധാനമൊരുക്കി വരികയാണെന്നും മന്ത്രി പറഞ്ഞു. നിലവിൽ തിരുവനന്തപുരം, ആലപ്പുഴ, കോട്ടയം, തൃശൂർ, കോഴിക്കോട്, കണ്ണൂർ മെഡിക്കൽ കോളേജുകളിൽ ലെവൽ -1 ട്രോമകെയർ സംവിധാനവും കൊല്ലം, എറണാകുളം, മഞ്ചേരി മെഡിക്കൽ കോളേജുകളിൽ ലെവൽ-2 ട്രോമകെയർ സംവിധാനവുമാണുള്ളത്. ഇടുക്കി, വയനാട്, പത്തനംതിട്ട, കാസർഗോഡ് മെഡിക്കൽ കോളേജുകളിൽ ലെവൽ 2 സംവിധാനം ഒരുക്കാൻ നടപടി സ്വീകരിച്ചു വരികയാണെന്നും മന്ത്രി പറഞ്ഞു. ഇതിനു പുറമെ ദേശീയ പാതയോടും സംസ്ഥാന പാതയോടും ചേർന്നു ആരോഗ്യ വകുപ്പിന് കീഴിലെ 52 തെരഞ്ഞെടുക്കപ്പെട്ട ആശുപത്രികളിലും ട്രോമകെയർ സംവിധാനമൊരുക്കി വരുന്നതായും മന്ത്രി വ്യക്തമാക്കി.

✪✪✪

സംസ്ഥാന സ്കൂൾ കായികമേള അടുത്ത മാസം നാല് മുതൽ 11 വരെ കൊച്ചിയിലെ തിരഞ്ഞെടുത്ത 17 സ്റ്റേഡിയങ്ങളിൽ രാവും പകലുമായി സംഘടിപ്പിക്കും. മുൻ വർഷങ്ങളിൽ നിന്നും വ്യത്യസ്തമായി ഒളിമ്പ്ക്സ് മാതൃകയിലാണ് മേള ചിട്ടപ്പെടുത്തുന്നതെന്ന് മന്ത്രി V.ശിവൻകുട്ടി തിരുവനന്തപുരത്ത് വാർത്താസമ്മേളനത്തിൽ അറിയിച്ചു. ഇരുപത്തിനാലായിരം കായിക പ്രതിഭകൾ പങ്കെടുക്കുന്ന കായികമേള ലോകത്തെ ഏറ്റവും വലിയ കായിക മാമാങ്കമാകുമെന്നാണ് പ്രതീക്ഷയെന്നും മന്ത്രി പറഞ്ഞു.

ന്യൂസ് ഡെസ്ക്കിൽ നിന്ന് കൂടുതൽ വിവരങ്ങൾ

.....(വോയ്സ്)...........

സവിശേഷ പരിഗണന അർഹിക്കുന്ന കുട്ടികളെ കൂടി പങ്കെടുപ്പിക്കുന്ന ഇൻക്ലൂസീവ് സ്പോർട്സ് ഉൾപ്പെടെ 39 കായിക ഇനങ്ങളിൽ പതിനായിരം മത്സരമാണ് സംഘടിപ്പിക്കുന്നത്. നവംബർ 4 ന് വൈകിട്ട്

അഞ്ചു മുതൽ കലൂർ അന്താരാഷ്ട്ര സ്റ്റേഡിയത്തിൽ ഒളിമ്പിക്സിനെ അനുസ്മരിപ്പിക്കുന്ന രീതിയിൽ വിപുലമായ ചടങ്ങുകളോടെ മത്സരങ്ങൾ ആരംഭിക്കും.

കായികമേളയുടെ ചരിത്രത്തിൽ ആദ്യമായി ഏറ്റവും കൂടുതൽ പോയിന്റ് കരസ്ഥമാക്കുന്ന ടീമിന് മുഖ്യമന്ത്രിയുടെ എവർ റോളിംഗ് ട്രോഫി സമ്മാനിക്കും. എമിറേറ്റ്സിൽ കേരള സിലബസ്സിൽ പഠിപ്പിക്കുന്ന എട്ട് സ്കൂളുകളിലെ വിദ്യാർത്ഥികൾക്ക് കൂടി കായിക മേളയിൽ പങ്കെടുക്കാൻ അവസരം ആദ്യമായി ഒരുക്കുന്നുണ്ട്. സംസ്ഥാന സ്കൂൾ കലോത്സവം ജനുവരി 4 മുതൽ 8 വരെ തിരുവനന്തപുരത്ത് വിവിധ വേദികളിലായി സംഘടിപ്പിക്കും. കലോത്സവ ചരിത്രത്തിൽ ആദ്യമായി തദ്ദേശീയ ജനവിഭാഗങ്ങളുടെ കലാരൂപങ്ങൾ കൂടി മത്സര ഇനമായി കലോത്സവത്തിൽ അരങ്ങേറും. 249 ഇനങ്ങളിലായി 15,000 ത്തോളം കുട്ടികൾ കലോത്സവത്തിൽ പങ്കെടുക്കും.

ഈ വർഷത്തെ സംസ്ഥാന സ്കൂൾ ശാസ്ത്രോത്സവം നവംബർ15 മുതൽ 18 വരെ ആലപ്പുഴയിൽ നടത്താനും തീരുമാനിച്ചിട്ടുണ്ടെന്ന് വി ശിവൻകുട്ടി അറിയിച്ചു.

✪✪✪

SAFF വനിതാ ഫുട്ബോൾ ചാമ്പ്യൻഷിപ്പ് ഇന്ന് നേപ്പാളിലെ കാഠ്മണ്ഡുവിൽ ആരംഭിക്കും. ഉദ്ഘാടന മത്സരത്തിൽ ഇന്ത്യ ചിരവൈരികളായ പാകിസ്ഥാനെ നേരിടും. ഇന്ത്യൻ സമയം വൈകിട്ട് 5:15 നാണ് മത്സരം.

നിലവിൽ ചാമ്പ്യന്മാരായ ബംഗ്ലാദേശിനൊപ്പം ഇന്ത്യയും പാകിസ്ഥാനും ഗ്രൂപ്പ് എയിലാണ് മത്സരിക്കുന്നത്. ഗ്രൂപ്പ് ബിയിൽ ആതിഥേയരായ നേപ്പാൾ, ഭൂട്ടാൻ, മാലദ്വീപ്, ശ്രീലങ്ക എന്നിവ ഉൾപ്പെടുന്നു.

ഈ മാസം 30 നാണ് ഫൈനൽ.

✪✪✪

ഇന്ത്യ-ന്യൂസിലാന്റ് ക്രിക്കറ്റ് ടെസ്റ്റിന്റെ രണ്ടാംദിന മത്സരം രാവിലെ 9.15ന് ആരംഭിക്കും. ബംഗളൂരു ചിന്നസ്വാമി സ്റ്റേഡിയത്തിൽ രാവിലെ 9ന് ടോസ് നടത്താനാണ് തീരുമാനം. ഇന്നലെ മഴമൂലം ടെസ്റ്റിന്റെ ആദ്യ ദിന മത്സരം ഉപേക്ഷിച്ചിരുന്നു. ഇന്നും മഴക്ക് സാധ്യതയുണ്ടെന്നാണ് കാലാവസ്ഥാ പ്രവചനം.

**നിലവിൽ ഇന്ത്യ, ലോക ടെസ്റ്റ് ചാമ്പ്യൻഷിപ്പിൽ ഒന്നാം സ്ഥാനത്തും ന്യൂസിലാന്റ് ആറാം സ്ഥാനത്തുമാണ്.**

✪✪✪

**കണ്ണൂർ ADM നവീൻ ബാബുവിന്റെ സംസ്കാരം വൈകിട്ട് മൂന്നിന് മലയാലപ്പുഴ വീട്ടുവളപ്പിൽ നടക്കും. മോർച്ചറിയിൽ സൂക്ഷിച്ചിരിക്കുന്ന മൃതദേഹം രാവിലെ 10.30 ന് പത്തനംതിട്ട കളക്ടറേറ്റിൽ പൊതുദർശനത്തിന് വയ്ക്കും. വിലാപയാത്രയായി ഉച്ചയ്ക്ക് ശേഷം മലയാലപ്പുഴ പത്തിശേരി കാരുവേലിൽ വീട്ടിലേക്ക് കൊണ്ടു പോകും.**

✪✪✪

**അങ്കമാലി KSRTC ബസ് സ്റ്റേഷനിൽ ശീതീകരിച്ച വിശ്രമ കേന്ദ്രത്തിന്റെ ഉദ്ഘാടനം ഉച്ചകഴിഞ്ഞ് മന്ത്രി കെ ബി ഗണേഷ് കുമാർ നിർവ്വഹിക്കും. യാത്രക്കാർക്കായി സേവനങ്ങൾ മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി കെഎസ്ആർടിസി ബസ് സ്റ്റേഷനുകളിൽ ഏർപ്പെടുത്തിയ മൂന്നാമത്തെ ശീതീകരിച്ച വിശ്രമ കേന്ദ്രമാണിത്.**

✪✪✪